കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2014-15

**ജില്ലാ ഓഡിറ്റ് കാര്യാലയം,**

**തൃശ്ശൂർ**

**e-mail:dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.4)1000/16 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ-20
തീയ്യതി- 24.06.2016
ഇ.മെയിൽ -dotsr.ksad@kerala.gov.in
ഫോൺ- 04872331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് - 2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1, 3-2 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ

ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1.കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3.കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ. (പി.4)1000/16 തിയ്യതി: 24.06.2016

## തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപ്പഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 23.05.2015 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2014-15 വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11

അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ സലീം.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01-06-2016 മുതൽ 08-06-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | മനോജ്കുമാർ.കെ. | ഓഡിറ്റ് ഓഫീസർ |
| | സുനിൽ.പി.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | രാജിഷ.ആർ. | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സുലൈമാൻ.എം. | 01/04/2014 മുതൽ<br>31/03/2015 വരെ |
| സെക്രട്ടറി | ശ്രീമതി.വി.മായ | 01/04/2014 മുതൽ<br>31/03/2015 വരെ |
| വൈസ്-പ്രസിഡന്റ് | ശ്രീമതി.ഇന്ദിര.സി.പി. | 01/04/2014മുതൽ<br>31/03/2015 വരെ |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി.വി.ജയലക്ഷ്മി. | 01/04/2014മുതൽ<br>31/03/2015 വരെ |

| | | |
|---|---|---|
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി.ബിന്ദു.കെ. | 01/04/2014മുതൽ 31/03/2015 വരെ |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.വിദ്യാധരൻ.കെ. | 01/04/2014മുതൽ 31/03/2015 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| കൃഷി ഓഫീസർ | ശ്രീമതി.രാധിക.കെ.യു. | 01/04/2014മുതൽ 14/07/2014 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഇന്ദു.വി.കെ, | 15/07/2014മുതൽ 31/03/2015 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സന്റോ സെബാസ്റ്റ്യൻ | 01/04/2014മുതൽ 31/03/2015 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.താര.എം.എ. | 01/04/2014മുതൽ 31/03/2015 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ. | ഡോ.പി.കെ.ഹരീഷ്. | 01/04/2014മുതൽ 31/03/2015 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം. | ഡോ.സിന്ധു ജോസഫ് | 01/04/2014മുതൽ 31/03/2015 വരെ |
| വെറ്റിനറി സർജൻ | ഡോ.പത്മജ.പി.ബി. | 01/04/2014മുതൽ 31/03/2015 വരെ |
| പ്രധാന അധ്യാപിക, ജി.എൽ.പി.എസ്. ചെറുതുരുത്തി. | ശ്രീമതി.പ്രസന്ന.ടി.യു. | 01/04/2014മുതൽ 31/03/2015 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.കെ.എ.ഷൺമുഖൻ | 01/04/2014മുതൽ 31/03/2015 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി .ബെനീറ്റ | 01/04/2014മുതൽ 22/09/2014 വരെ |

| | | |
|---|---|---|
| | ശ്രീമതി.മിനി.പി.കെ | 23/09/2014മുതൽ 31/03/2015 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക അവലോകനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.10 |

| | | |
|---|---|---|
| | ഭാഗം-2 | |
| 11 | ഡി.&.ഒ.ലൈസൻസ് അപാകതകൾ | 2.1 |
| 12 | ഡി.&.ഒ. ലൈസൻസ് – ലേറ്റ് ഫീ ഈടാക്കിയിട്ടില്ല. | 2.2 |
| 13 | തൊഴിൽ നികുതി അപാകതകൾ | 2.3 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയിട്ടില്ല | 2.4 |
| | ഭാഗം-3 | |
| 15 | ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് വിനോദ സഞ്ചാര വകുപ്പ് നടപടിക്രമങ്ങൾ പാലിക്കാതെ കെട്ടിടം നിർമ്മിച്ചു | 3.1 |
| 16 | കെ.എസ്.ഇ.ബി. ഓഫീസ് കെട്ടിടം നിർമ്മാണം- സ്ഥലത്തിന്റെ ഉടമസ്ഥാവ കാശം ഉറപ്പുവരുത്താതെ കെട്ടിട നിർമ്മാണ ത്തിന് തുക ചെലവഴിച്ചു. | 3.2 |
| 17 | കുളമ്പ് കോളനി കുടിവെള്ള പദ്ധതി- പദ്ധതി പ്രാവർത്തികമാക്കിയില്ല | 3.3 |
| 18 | എെ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ | 3.4 |
| 20 | വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധനച്ചതിന്റെ സാക്ഷ്യപത്രം സംബന്ധിച്ച് | 3.5 |
| 21 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 3.6 |

| | | |
|---|---|---|
| | നിർവ്വഹണം നടത്തിയ പദ്ധതികൾ | |
| | ഭാഗം-4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 26 | വായ്പ/വായ്പ തിരിച്ചടവ് | 4.4 |
| 27 | സ്ഥിര നിക്ഷേപങ്ങൾ | 4.5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം. | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം –1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 22/02/2014 തിയതിയിലെ 284(1)-നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം

പ്രതീക്ഷിത വരവ് 113110000/- രൂപയും പ്രതീക്ഷിത ചെലവ് 112191750/- രൂപയുമാണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2015 | 30.07.2015 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2014-15 | കെ.എസ്.എ.-ടി.എസ്.അർ(ഇ3)1456/15(60) തീയതി: 15-10-2015 (വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം) |

സാക്ഷ്യപത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള അപാകതകളിൽ *31.03.2015 വരെ സൃഷ്ടിക്കപ്പെട്ട ആസ്തി ബാധ്യതകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന അപാകത ഇപ്പോഴും പരിഹരിച്ചിട്ടില്ല.*(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 2509739.30

വരവ് – 8,12,32,412

ആകെ – 8,37,42,151

ചെലവ് -- 7,81,24,657

നീക്കിയിരിപ്പ്- 56,17,494.30

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 478800 | 10221000 | 10699800 | 8921800 | 1778000 | 83.38 |
| വികസനഫണ്ട് എസ്.സി.പി. | 500000 | 4276000 | 4776000 | 4776000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 52000 | 52000 | 52000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 2670 | 7969000 | 7971670 | 7971670 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 276000 | 2404000 | 2680000 | 2680000 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1379 | 6461167 | 6462546 | 6462546 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്.** | 39001 | 14723765 | 14762766 | 14762766 | 0 | 100 |
| ബി ഫണ്ട് | 0 | 19200183 | 19200183 | 19200183 | 0 | 100 |
| മറ്റുള്ളവ (K.L.G,S,DP) | 0 | 2634000 | 2634000 | 0 | 2634000 | 0 |

** :ക്യാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ്- 40597.10/-, വരവ്-14718216/- , ചെലവ്-14749109 , ബാലൻസ്- 9704.10. പലിശ തുക 1596/-രൂപ ഉൾപ്പെടുത്തി മുന്നിരിപ്പ് 40597.10 (39001 + 1596) രൂപയായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി ക്രമീകരിക്കാൻ നടപടികളെടുക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 83942262 | 77 | 44606279 | 87 | 10 | 44% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 47.82% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | (+)/(-) |
| നികുതി വരവുകൾ | 3425071 | 5328073 | 1903002 | (+) 55.56% |
| നികുതിയേതര വരവുകൾ | 1321832 | 1688636 | 366804 | (+)27.75% |
| ആകെ | 4746903 | 7016709 | 2269806 | (+)47.82% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 205560 | 136 |
| കർഷകതൊഴിലാളി | 2114952 | 285 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാ പെൻഷൻ | 8397222 | 12969 |
| വാർദ്ധക്യകാല പെൻഷൻ | 4819886 | 736 |
| വികലാംഗ പെൻഷൻ | 2730263 | 278 |
| അവിവാഹിത പെൻഷൻ | 743400 | 100 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03/06/2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 16004/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-04-2016 | 03/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-09-2015 | 2010-11 to 2014-15 | 06-11-2015 & 01-12-2015 |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി&ഒ ലൈസൻസ്-അപാകതകൾ

(1) 2014-15 വർഷത്തിൽ വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിൽ D&O ലൈസൻസ് നല്കിയ താഴെ പറയുന്ന ലൈസൻസികൾക്ക് സർക്കാർ ഉത്തരവ് നമ്പർ (അ) 101/2012 ത.സ്വ.ഭ.വ തിയ്യതി-13.4.2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം നം-3ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

- പി.കെ.കെ ഡയറി ഫാം

  പെരേര ജോസഫ് മാനുവൽ

  വെട്ടിക്കാട്ടിരി

  (2) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO/KTM/16741/09/09 നമ്പർ സർക്കുലർ പ്രകാരം ബ്രിക്സ് നിർമ്മാണയൂണിറ്റുകൾക്കും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമാണ്. എന്നാൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന യൂണിറ്റുകൾ 2014-15 ലേക്ക് ലൈസൻസ് പുതുക്കുന്നതിനായി നൽകിയ അപേക്ഷയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ഹാജരാക്കിയിട്ടില്ല

- മുഹമ്മദാലി.കെ.എസ്, കുളമ്പിൽ,പടിഞ്ഞാറെക്കര വീട് -ഹോളോബ്രിക്സ് യൂണിറ്റ്

- റീന ഇൻഡസ്ട്രീസ്,ചെറുതുരുത്തി-ഫാബ്രിക്കേറ്റഡ് മെറ്റൽ പ്രൊഡക്ട് നിർമ്മാണം

(3) ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് 15.03.2010 ലെ 78327/RC3/09/LSGD നമ്പർ സർക്കുലർ പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രം ലഭ്യമായതിനു ശേഷം മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ. എന്നാൽ വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ളുക്കഴി ഗ്രാനൈറ്റ്സ്, ക്രഷർ യൂണിറ്റ് എന്നീ സ്ഥാപനങ്ങൾക്ക് ക്വാറി, ക്രഷർ എന്നിവയ്ക്കായി ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓരോ ഇനത്തിനും പ്രത്യേകമായി അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ സമർപ്പിച്ചിട്ടില്ല.

ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് -ലേറ്റ് ഫീ ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് ഡി & ഒ ലൈസൻസിനായി സാമ്പത്തിക വർഷത്തിനു ഒരു മാസം മുൻപ് തന്നെ ലൈസൻസ് എടുക്കണമെന്നിരിക്കെ താമസിച്ചു സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ ലൈസൻസ് ഫീസിൻറെ 25% അധിക ചുമത്താവുന്നതാണ്.തഴെ പറയുന്നവരിൽ നിന്ന് ഈ ഇനത്തിൽ ലേറ്റ് ഫീ വാങ്ങാത്തതായി കാണുന്നു.

| ക്രമ നം | പേര്/ വിലാസവും | ലൈസൻസ് ഫീ | ഈടാക്കേണ്ട അധിക ഫീ |
|---|---|---|---|
| 1 | നെൽസൺ പോൾ,<br>അടക്കാപറമ്പിൽ, തൃശ്ശൂർ ഫാഷൻ ജ്വല്ലേഴ്സ് | 500 | 125 |
| 2 | കുരുവിള മാത്യൂ,ളുക്കഴി ഗ്രാനൈറ്റ്സ് ക്രഷർ | 2000 | 500 |
| 3 | കുരുവിള മാത്യൂ,ളുക്കഴി ഗ്രാനൈറ്റ്സ് ,ക്വാറി | 2000 | 500 |

| | | | |
|---|---|---|---|
| 4 | അബ്ദുൾ മജീദ്, മാളിയേക്കൽ,മാളിയേക്കൽ ഇലക്ട്രിക്സ് | 100 | **25** |
| ആകെ | | | **1150** |

ലേറ്റ് ഫീ ഹാജരാക്കിയിട്ടില്ലെങ്കിൽ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി -അപാകതകൾ

l)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് 2014-15 സാമ്പത്തിക വർഷം 1996 കേരള പഞ്ചായത്ത് രാജ് ആക്ട്,ചട്ടം 3 അനുസരിച്ച് അർദ്ധവാർഷിക നിരക്കിൽ പഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ധനലക്ഷ്മി ബാങ്ക് | ഒന്നാം അർദ്ധ വർഷം |
| ബി,എസ്.എൻ.എൽ | ഒന്നും രണ്ടും അർദ്ധ വർഷം |
| യോഗക്ഷേമം ലോൺ ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം |
| നീലാഞ്ജലി ഓഡിറ്റോറിയം | ഒന്നാം അർദ്ധ വർഷം |

- മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 അനുസരിച്ച് വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള താഴെ സൂചിപ്പിക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

- **ലൈസൻസ്ഡ് ബിൽഡിംങ് സൂപ്പർവൈസർമാർ**

1) രവികുമാർ.സി,

രജിസ്റ്റർ നം G6/1352/10/147/SA

2) P.A.അയൂബ്

രജിസ്റ്റേഡ് ബിൽഡിംങ് സൂപ്പർവൈസർ

രജിസ്റ്റർ നം G6/2670/13/1619/SA

3) ഷഹീർ .T.M

രജിസ്റ്റേഡ് ബിൽഡിംങ് സൂപ്പർവൈസർ

രജിസ്റ്റർ നം G6/459/14/1733/SB

4) അനൂപ്.എൻ.എസ്

സിവിൽ എൻജിനിയർ

രജിസ്റ്റർ നം E-2050/08/4759/KKD/37/2013/SB

- **കരാറുകാർ**

1) പി.എം.ഹംസ

2) V.P.ജയൻ

3) എം.എം.അബ്ദുള്ളകുട്ടി

4)എം.എം.ഇബ്രാഹീം

5) എം.ഐ.സാദത്ത്

6)എം.അബ്ബാസ്

7) എം.കെ.സിദ്ധിക്ക്

8)പി.എം.വീരാൻകുട്ടി

9)എ.ടി.ആൻറണി

10)ഖാലിദ് അബ്ദുൾ സലീം

11) എ.കെ.ഹുസൈൻ

12)എം.എം.മുഹമദ് കുട്ടി

13)എ.എം.മുഹമദ്

- **റേഷൻ കട ഉടമകൾ**

## 2-4 ഷോപ്പിംങ് കോംപ്ളക്സ് വാടക-ഈടാക്കേണ്ടതാണ്

വള്ളത്തോൾ നഗർ പഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ഷോപ്പിംങ് കോംപ്ളക്സ് വാടക ഇനത്തിലുള്ള വരവിനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു. തുടർന്ന് അടവാക്കിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരം എൻക്വയറി നം 2,02.06.2016 പ്രകാരം ആവശ്യപ്പെട്ടതിൽ ഇതുവരെയും അടവാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. വാടക ഈടാക്കാത്തവരുടെ പേരു വിവരം താഴെ കൊടുക്കുന്നു.

1.

| ക്രമ നം | പേര് വിലാസം | റൂം നം | ഡിമാൻഡ് ചെയ്തത് | ഈടാക്കിയത് | ബാലൻസ് |
|---|---|---|---|---|---|
| 1 | പി.എം.ഉമ്മർ,<br>പനങ്ങാട്ടയിൽ,ചെറുതുരുത്തി | III/325 A(1) | 21000 | 3000 | 18000 |

| | | | | | |
|---|---|---|---|---|---|
| 2 | ഹബീബ് റഹ്മാൻ, കിണറ്റിങ്കൽ,ചെറുതുരുത്തി | III/325 D(4) | 10000 | 0 | 10000 |
| 3 | യൂസഫ് ചാവടിയിൽ, ചെറുതുരുത്തി | III/325 E(5) | 10400 | 0 | 10400 |
| | ആകെ | | | | 38400 |

മേൽ പറഞ്ഞവരിൽ നിന്ന് ഈടാക്കേണ്ട വാടക തുക 38400/- പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് വിനോദ സഞ്ചാര വകുപ്പ് നടപടിക്രമങ്ങൾ പാലിക്കാതെ കെട്ടിടം നിർമ്മിച്ചു

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന് കൊച്ചിൻ പാലത്തിന് സമീപം ചെറുതുരുത്തി വില്ലേജിൽ സർവ്വെ നമ്പർ 735 ൽ ഉള്ള സ്ഥലം പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭിക്കുന്ന മുറക്ക് ടൂറിസം കോംപ്ളക്സ് പണിയുന്നതിനു വേണ്ടി വിനോദ സഞ്ചാര വകുപ്പിന്

വിട്ടുകൊടുക്കുന്നതിന് 4-2-2011 ലെ 9(1) നമ്പർ ആയി ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. അനധികൃതമായി ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതായി കാണിച്ച് ശ്രീ.പി.എ.അബ്ദുൾ കരീം എന്നയാൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു ട്രൈബ്യൂണലിൽ നല്കിയ അപ്പീലിന്മേലുള്ള 31-8-2013 ലെ 148/2013 നമ്പർ വിധിയിൽ കെട്ടിടം പണി നിറുത്തി വയ്ക്കുന്നതിനും, നിയമപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി മാത്രം നിർമ്മാണം പുനരാരംഭിക്കുന്നതിനും ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11-10-2013 ലെ എ1-10/2011 നമ്പർ കത്തിൽ നിർമ്മാണം നടത്തുന്ന KITCO Ltd, Kochi എന്ന സ്ഥാപനത്തിന് നിർമ്മാണം നിർത്തി വയ്ക്കുന്നതിനും പഞ്ചായത്തിൽ പ്ലാൻ സമർപ്പിച്ച് അംഗീകാരം വാങ്ങിയതിന് ശേഷം മാത്രം കെട്ടിട നിർമ്മാണം പുനരാരംഭിക്കുന്നതിനും നിർദ്ദേശം നല്കി. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തുടർന്നുള്ള വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല. 3-6-2016 ന് സ്ഥലം സന്ദർശിച്ചതിൽ കെട്ടിടത്തിന്റെ നിർമ്മാണം ഏകദേശം പൂർത്തിയായ അവസ്ഥയിലാണ് കാണുന്നത്. ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് വിനോദ സഞ്ചാര വകുപ്പ് കെട്ടിടം നിർമ്മിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമപഞ്ചായത്ത് സെക്രട്ടറി 11-10-2013 ന് നിർമ്മാണം നടത്തുന്ന KITCO Ltd, Kochi എന്ന സ്ഥാപനത്തിന് നിർമ്മാണം നിറുത്തി വയ്ക്കുന്നതിന് നിർദ്ദേശം നല്കിയെങ്കിലും കെട്ടിട നിർമ്മാണം നിറുത്തി വയ്ക്കുകയോ, കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ പ്ലാൻ സമർപ്പിച്ച് അംഗീകാരം വാങ്ങിക്കുകയോ ചെയ്തില്ല. എന്നാൽ ഇതിനെതിരെ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചില്ല. തുടർന്ന് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിന് ശേഷം 9-1-2015 ന് മാത്രമാണ് ടൂറിസം വകുപ്പ് കെട്ടിട നിർമ്മാണാനുമതിക്കായി പ്ലാൻ സമർപ്പിക്കുന്നത്. മേൽ വിവരിച്ചതിൽ നിന്ന് പഞ്ചായത്തിന്റെ അനുമതി ലഭിക്കാതെ തന്നെ ടൂറിസം വകുപ്പ് കെട്ടിടം നിർമ്മിച്ചു എന്ന് വ്യക്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു ട്രൈബ്യൂണലിന്റെ ഉത്തരവ് ഗ്രാമപഞ്ചായത്ത് പാലിച്ചുമില്ല.

2. ഗ്രാമപഞ്ചായത്തിന്റെ സ്ഥലം ടൂറിസം കോംപ്ലക്സ് പണിയുന്നതിനു വേണ്ടി വിനോദ സഞ്ചാര വകുപ്പിന് വിട്ടുകൊടുക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി വാങ്ങുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്തെങ്കിലും അനുമതി വാങ്ങിയില്ല.

3. ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തും, വിനോദ സഞ്ചാര വകുപ്പും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിന് കഴിയാതിരിക്കുകയും, പൂർത്തിയാക്കിയ ടൂറിസം കോംപ്ലക്സിന്റെ പ്രവർത്തനം, നടത്തിപ്പ് ചുമതല എന്നിവ എപ്രകാരമായിരിക്കണം എന്നത് സംബന്ധിച്ച് ധാരണയില്ലാതിരിക്കുകയും ചെയ്യും.

   മേൽ വിവരിച്ചതിൽ നിന്ന് ഗ്രാമപഞ്ചായത്തിന്റെ സ്ഥലം ടൂറിസം കോംപ്ലക്സ് പണിയുന്നതിനു വേണ്ടി വിനോദ സഞ്ചാര വകുപ്പിന് വിട്ടുകൊടുക്കുന്നതിന് യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല എന്ന് വ്യക്തമാണ്. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ ഉത്തമ താത്പര്യം സംരക്ഷിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

   (ഓഡിറ്റ് അന്വേഷണം നം. 3/6-6-2016)

## 3-2 കെ.എസ്.ഇ.ബി ഓഫീസ് കെട്ടിട നിർമ്മാണം- സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെ കെട്ടിട നിർമ്മാണത്തിന് തുക ചെലവഴിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-17(2) കാണുക. ഖണ്ഡിക പ്രകാരം കെ.എസ്.ഇ.ബി ഓഫീസ് കെട്ടിട നിർമ്മാണത്തിനുവേണ്ടി 1486289/-രൂപ ചെലവഴിച്ചിട്ടുണ്ട്. തുടർന്ന് മേൽ പ്രവർത്തിക്ക് വേണ്ടി (2014-15 വർഷത്തിൽ) ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേരും, പദ്ധതി നമ്പറും | ബിൽ നമ്പർ / തിയതി | തുക |
|---|---|---|
| കെ.എസ്.ഇ.ബി ഓഫീസ് കെട്ടിട നിർമ്മാണം, S0075/15 | 21/14-15/31-7-14<br>79/14-15/31-3-15<br>80/14-15/31-3-15<br>056449/31-3-15 (ചെക്ക്) | 745641<br>316223<br>278051<br>36395 |
| കെ.എസ്.ഇ.ബി ഓഫീസ് കോമ്പൗണ്ടിന് പാർശ്വഭിത്തി, S0076/15 | 49/14-15/31-12-14 | 228283 |
| ആകെ | | 1604593 |

നാളിതുവരെ ആകെ ചെലവ് 1486289+ 1604593=3090882/-രൂപ

ദക്ഷിണ റെയിൽവെ അസിസ്റ്റന്റ് ഡിവിഷണൽ എഞ്ചിനിയർ, തൃശ്ശൂർ ജില്ലാകളക്ടർക്ക് അയച്ച 6-4-15 ലെ ഇ/5 നമ്പർ കത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്പ്പിക്കുന്നതിനും, റവന്യൂ അധികാരികളുമായി ചേർന്ന് സംയുക്ത സർവ്വെ നടത്തുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് പരാതിക്കാരനായും, തലപ്പിള്ളി താലൂക്ക് സർവ്വെയർ, ചെറുതുരുത്തി വില്ലേജ് ഓഫീസർ എന്നിവർ എതിർ കക്ഷികളായും ബഹു. കേരള ഹൈക്കോടതിയിൽ WP.(C) No.5544/2016 നമ്പറായി കേസ് നിലവിലുണ്ട്. മേൽ കേസിൽ റെയിൽവേ കക്ഷി ചേർന്നിട്ടുമുണ്ട്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെ കെട്ടിട നിർമ്മാണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/6-6-16) ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ആസ്തി രജിസ്റ്ററിൽ ഉള്ള ഭൂമിയിലാണ് കെട്ടിടം പണിതത് എന്ന മറുപടിയാണ് അസിസ്റ്റന്റ് എഞ്ചിനിയർ നല്കിയത്. എന്നാൽ ചെറുതുരുത്തി വില്ലേജ് ഓഫീസറുടെ 22-7-13 ലെ 122/2013 നമ്പർ കത്തിൽ സർവ്വെ 739 ൽ പെട്ട 0.0873 ഹെക്ടർ ഭൂമി വില്ലേജ് പുറമ്പോക്ക് രജിസ്റ്റർ പ്രകാരം ചെറുതുരുത്തി റെയിൽവേ സ്റ്റേഷൻ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രവുമല്ല സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തീരുമാനം ഇപ്പോൾ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലുമാണ്.

മേൽ വിവരിച്ചതിൽ നിന്ന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെയാണ് കെട്ടിട നിർമ്മാണത്തിനുവേണ്ടി മേൽപ്രകാരം 3090882/-രൂപ ചെലവ് ചെയ്തതത് എന്ന് വ്യക്തമാണ്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതുവരെ 2014-15 വർഷത്തിൽ ചെലവ് ചെയ്ത 1604593/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കെ.എസ്.ഇ.ബി ഓഫീസ് കെട്ടിടം നിർമ്മിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രവർത്തിയാണ്. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രവർത്തികൾ ചെയ്യുന്നതിന് പദ്ധതികൾ നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാണ് എന്നും, പഞ്ചായത്തിന്റെ തീരുമാനം അനുസരിച്ച് കെട്ടിടം മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കാം എന്നുമുള്ള മറുപടിയാണ് ലഭിച്ചത്.

## 3-3 കുളമ്പ് കോളനി കുടിവെള്ള പദ്ധതി- പദ്ധതി പ്രാവർത്തികമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പദ്ധതി നമ്പർ : S0047/15

പദ്ധതി അടങ്കൽ : 1250000

എസ്റ്റിമേറ്റ് : 1250000(SOR 2012)

കൺവീനർ : കെ.പി.ചന്ദ്രൻ

അളവ് പുസ്തകം : 62/14-15

ബിൽ നമ്പർ/തിയതി : 64/14-15/28-2-15

തുക : 600000/-രൂപ

നാളിതുവരെ ചെയ്ത പ്രവർത്തിക്ക് 703347/-രൂപ പ്രവർത്തി മൂല്യം കണക്കാക്കിയിട്ടുണ്ട്. 10 HP Submersible മോട്ടോർ സ്ഥാപിക്കൽ, ഓവർ ഹെഡ് ടാങ്കിന്റെ നിർമ്മാണം, ഭാഗികമായി പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ പ്രവർത്തികളാണ് ചെയ്തിട്ടുള്ളത്. 2/2015 ന് ആദ്യ പാർട്ട് ബിൽ നല്കിയതിനുശേഷം നാളിതുവരെ യാതൊരു പ്രവർത്തിയും നടത്തിയിട്ടില്ല. 1-2-2014 ന് ശേഷം ഗുണഭോക്തൃസമിതി യോഗം ചേരുകയോ, സമിതിയുടെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ഭാരതപുഴയിൽ നിർമ്മിച്ചിരിക്കുന്ന പഴയ തുറന്ന കിണറിൽ ആണ് മോട്ടോർ സ്ഥാപിച്ചിരിക്കുന്നത്. മഴക്കാലത്ത് പുഴയിലെ വെള്ളം കിണറിലേക്ക് കയറുകയും, കിണറിലെ വെള്ളം ഉപയോഗിക്കാൻ കഴിയാതാവുകയും ചെയ്യും. പുഴയിലെ വെള്ളം കയറാതിരിക്കാൻ കിണർ കെട്ടിസംരക്ഷിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചുകാണുന്നുമില്ല. മേൽ സാഹചര്യത്തിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

( ഓഡിറ്റ് അന്വേഷണം നം. 5/6-6-16 )

## 3-4 എെ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ

വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത് അംഗനവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് സൂപ്പർവൈസർ ലഭ്യമാക്കിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | വള്ളത്തോൾ നഗർ ഗ്രാമ | 24 | |

| | | | |
|---|---|---|---|
| | പഞ്ചായത്തിലെ അംഗണവാടികളുടെ എണ്ണം | | |
| 2 | അംഗണവാടി കുട്ടികളുടെ എണ്ണം | 254 | |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 20 | |
| 4 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 4 | |
| 5 | അംഗണവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചീനിയർ/ ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | - | |
| 6 | അംഗണവാടി കെട്ടിടം സുരക്ഷിതത്വമുള്ളതല്ലെന്ന് L.S.G.D. എഞ്ചീനിയർ/ ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 1 | കെട്ടിടം പുതുക്കി പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| 7 | ശൗച്യാലയങ്ങളുള്ളത് | 24 | |
| 8 | ചുറ്റുമതിലുള്ളത് | 19 | പലതും ഭാഗികമായിട്ടുള്ളതാണ് |
| 9 | വൈദ്യുതീകരിച്ചത് | 5 | |

| | | | |
|---|---|---|---|
| 10 | വാട്ടർ കൺക്ഷനുള്ളത് | 18 | |
| 11 | ധാന്യ സംഭരണിയുള്ളത് | 24 | |
| 12 | എൽ.പി.ജി. കണക്ഷനുള്ളത് | 1 | നിലവിൽ ഉപയോഗിക്കുന്നില്ല |
| 13 | ബേബി ഫ്രണ്ട് ലിയായത് | 1 | |

22-03-2011 ലെ സർക്കുലർ നം.31055/ഡി.സി-2/2011/തസ്വഭവ ഖണ്ഡിക 'സി ' പ്രകാരം വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത് അംഗനവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചിനിയർ/ഓവർസീയർ പരിശോധിച്ച് അനുവദിച്ച ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിലെ അംഗണവാടി കെട്ടിടങ്ങൾ സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചിനിയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തി നല്കിയിട്ടില്ലെന്ന് സൂപ്പർവൈസർ ലഭ്യമാക്കിയ 6-മത് എൻക്വയറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-5 വാഹനങ്ങളുടെ,ഇന്ധനക്ഷമതാ പരിശോധിച്ചതിന്റെ സാക്ഷ്യപത്രം സം ബന്ധിച്ച്

വള്ളത്തോൾ നഗർ ഗ്രാമപ്പഞ്ചായത്തിൽ നിലവിൽ ഉപയോഗിച്ച വരുന്ന താഴെ പറയുന്ന വാഹനങ്ങളുടെ,ഇന്ധനക്ഷമതാ പരിശോധിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1) KL 48G14 6 Omini Van

2)KL-48L 8461 Tractor

3)KL-48 A 2425 Ambulance

4)KL-48 C 6165 Jeep

ഇന്ധനക്ഷമതാ പരിശോധിച്ചതിന്റെ സാക്ഷ്യപത്രവും, വാഹനങ്ങളുടെ മാസാന്ത്യ സംക്ഷിപ്തവും തയ്യാറാക്കി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കാൻ എൻക്വയറി നം 11, 08/06/2016 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ടി വിവരങ്ങൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-6 വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ

**ഭവന നിർമ്മാണ പദ്ധതി – തുക കൈപ്പറ്റി ദീർഘകാലമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല**

I വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത് 2014-15 വർഷത്തെ പ്രോജക്ട് നം.3 സമ്പൂർണ്ണ.ഭവന നിർമ്മാണ പദ്ധതി (ജനറൽ) സംബന്ധിച്ച രജിസ്റ്ററുകളും, ഫയലും പരിശോധിച്ചതിൽ (വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയത്) താഴെ പറയുന്ന ഗുണഭോക്താവ് ധനസഹായത്തിന്റെ ഗഡുക്കൾ കൈപ്പറ്റി ദീർഘകാലമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരു വിവരം | കൈപ്പറ്റിയ തുക | ചെക്ക് നമ്പർ | ആകെ തുക കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ശ്രീമതി.ആമിന | 30,000 | 616003<br>24/02/2014 | 30,000 |

മേൽ പരാമർശിച്ച ഗുണഭോക്താവിന്റെ ഭവന നിർമ്മാണത്തിന്റെ തൽസ്ഥിതി വ്യക്തമാക്കേണ്ടതും, ഭവന നിർമ്മാണത്തിന് നിയമാനുസൃത പരിധിയ്ക്കപ്പുറം കാലതാമസം ഉണ്ടാകുന്ന പക്ഷം, ധനസഹായം തിരികേ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും**

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 8953 | അംഗൻവാടികളിൽ പോഷകാഹാര | 8953 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വിതരണം | | |
| ജില്ലാ പഞ്ചായത്ത് | 2014-15 | 44,00,000 | 1)പള്ളിക്കൽ പറമ്പോക്ക് കനാലിനു കുറുകെ പാലം<br>2) കുളമ്പ്കോളനി കുടിവെള്ളപദ്ധതി<br>3)താഴെപ്ര നെടുമ്പ്ര റോഡ്<br>4) നമ്പുള്ളികുന്ന്<br>5) പുതുശ്ശേരി,<br>6) മുല്ലക്ക പറമ്പ് കോളനി കുടിവെള്ള പദ്ധതി 7) എൻ.ആർ.എെ. കമ്പനിക്കു സമീപം കനാലിനു കുറുകെ പാലം | 44,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | 32661/ DB1/09/ LSGD dt.16-6-09 | 3270000 | 1210000 | 515000 | - | 695000 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10010 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10010 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10010 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തൃശ്ശൂർ കോപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ ലിമിറ്റഡ് നം. എസ്.ടി 7 ലെ 5000/-രൂപ വിലയുള്ള രണ്ട് ഓഹരികൾ. സർട്ടിഫിക്കറ്റ് നം.059/31-1-2001 | 10000 |
| പലിശ | 10 |
| ആകെ | 10010 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 28,446/- രൂപ ഈടാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-1 | 150 | ശ്രീ.സന്തോഷ് രാജ്.എൽ.ഡി.സി | 11415100101,4.4.14 |
| 2012-13 | 3-1 | 300 | ശ്രീമതി.റസീന.എ.ഇ., UDC | 11415100100,4.4.14 |
| 2012-13 | 3-1 | 75 | ശ്രീ.അബ്ദുൾ ഹമീദ്,പ്യൂൺ | 11415100102,4.4.14 |
| *2001-02-2(2),3(1)<br>2002-03-2(2),3(1)<br>2003-04-3(4) | 3-1 | 500 | ശ്രീ.സുരേന്ദ്രൻ,ഡ്രൈവർ | 11415100025,2.4.14 |
| *2001-02-2(2),3(1)<br>2002-03-2(2),3(1)<br>2003-04- 3(4) | 3-1 | 300 | ശ്രീ.മുഹമദ് അലി | 11415100026, 2.4.14 |
| *2001-02-2(2),3(1)<br>2002-03-2(2),3(1)<br>2003-04-3(4) | 3-1 | 500 | ശ്രീ.കെ.കെ.സുലൈമാൻ | 11415100512, 2.5.14 |
| *2001-02-2(2),3(1)<br>2002-03-<br>2(2),3(1) | 3-1 | 500 | ശ്രീ.അബ്ദുൾ ഖാദർ | 11415100513, 2.5.14 |

| | | | | |
|---|---|---|---|---|
| 2003-04-<br>3(4) | | | | |
| 2011-12 | 3-1 | 2550 | ശ്രീമതി.ചിത്ര,അറ്റൻഡർ | 11415100227,<br>27.5.14 |
| 2008-09 | 3-1 | 535 | ശ്രീമതി.ആർ. പങ്കജാക്ഷി,<br>സെക്രട്ടറി | 11415100540, 3.6.14 |
| *2001-02-2(2),3(1)<br>2002-03-2(2),3(1)<br>2003-04-3(4) | 2-1 | 500 | ശ്രീ.കെ.പി.മുഹമ്മദാലി.ഡ്രൈവർ | 11415101701, 6.6.14 |
| “ “ | 2-1 | 500 | ശ്രീ.കെ.കെ.സുലൈമാൻ,ഡ്രൈവർ | 11415101702, 6.6.14 |
| “ “ | 2-1 | 500 | ശ്രീ.അബ്ദുൾ ഖാദർ,ഡ്രൈവർ | 11415101702,6.6.14 |
| “ “ | 2-1 | 500 | ശ്രീ.സുരേന്ദ്രൻ,ഡ്രൈവർ | 11415101704,6.6.14 |
| “ “ | 2-1 | 500 | ശ്രീ.കെ.കെ.സുലൈമാൻ,ഡ്രൈവർ | 11415102698,1.7.14 |
| “ “ | 2-1 | 500 | ശ്രീ.അബ്ദുൾ ഖാദർ,ഡ്രൈവർ | 11415102699,1.7.14 |
| “ “ | 2-1 | 500 | ശ്രീ.കെ.പി.മുഹമ്മദാലി.ഡ്രൈവർ | 114151026700, 1.7.14 |
| “ “ | 2-1 | 500 | ശ്രീ.കെ.ആർ.സുരേന്ദ്രൻ,ഡ്രൈവർ | 11415102701, 1.7.14 |
| “ “ | 2-1 | 500 | ശ്രീ.അബ്ദുൾ ഖാദർ,ഡ്രൈവർ | 11415103792, 1.8.14 |
| “ “ | 2-1 | 500 | ശ്രീ.കെ.കെ.സുലൈമാൻ,ഡ്രൈവർ | 11415103792,1.8.14 |

| | | | | |
|---|---|---|---|---|
| " " | 2-1 | 500 | ശ്രീ.കെ.ആർ.സുരേന്ദ്രൻ,ഡ്രൈവർ | 11415103794,1.8.14 |
| 2002-03 | 2-1 | 591 | ശ്രീ.സന്തോഷ് രാജ്.സീനിയർ ക്ളാർക്ക് | 11415104664,16.9.14 |
| 2008-09 | 2(2-1) | 65 | ശ്രീ.കെ.പി.പൗലോസ്,സെക്രട്ടറി | 11415105166,1.10.14 |
| " " | 2-1 | 500 | ശ്രീ.കെ.ആർ.സുരേന്ദ്രൻ,ഡ്രൈവർ | 11415105172,1.10.14 |
| " " | 2-1 | 500 | ശ്രീ.കെ.പി.മുഹമ്മദ്ദാലി.ഡ്രൈവർ | 11415105173,1.10.14 |
| " " | 2-1 | 500 | ശ്രീ.അബ്ദുൾ ഖാദർ,ഡ്രൈവർ | 11415105174,1.10.14 |
| " " | 2-1 | 500 | ശ്രീ.കെ.കെ.സുലൈമാൻ,ഡ്രൈവർ | 11415105175,1.10.14 |
| " " | 2-4 | 1600 | ശ്രീമതി.രാധ,സെക്രട്ടറി | 11415105172,1.10.14 |
| " " | 2-1 | 500 | ശ്രീ.കെ.പി.മുഹമ്മദ്ദാലി.ഡ്രൈവർ | 11415105599,1.11.14 |
| " " | 2-1 | 500 | ശ്രീ.കെ.ആർ.സുരേന്ദ്രൻ,ഡ്രൈവർ | 11415105600,1.11.14 |
| " " | 2-1 | 500 | ശ്രീ.കെ.കെ.സുലൈമാൻ,ഡ്രൈവർ | 11415105601,1.11.14 |
| " " | 2-1 | 500 | ശ്രീ.അബ്ദുൾ ഖാദർ,ഡ്രൈവർ | 11415105602,1.11.14 |
| " " | 2-1 | 500 | ശ്രീ.കെ.കെ.സുലൈമാൻ,ഡ്രൈവർ | 11415105940,3.12.14 |
| " " | 2-1 | 500 | ശ്രീ.അബ്ദുൾ ഖാദർ,ഡ്രൈവർ | 11415105941,3.12.14 |
| " " | 2-1 | 500 | ശ്രീ.അബ്ദുൾ ഖാദർ,ഡ്രൈവർ | 114151046391,1.1.15 |
| " " | 2-1 | 500 | ശ്രീ.കെ.കെ.സുലൈമാൻ,ഡ്രൈവർ | 114151046392,1.1.15 |

| | | | | |
|---|---|---|---|---|
| " " | 2-1 | 500 | ശ്രീ.കെ.ആർ.സുരേന്ദ്രൻ,ഡ്രൈവർ | 11415106393,1.1.15 |
| " " | 2-1 | 500 | ശ്രീ.കെ.പി.മുഹമദ്ദാലി.ഡ്രൈവർ | 11415106390,1.1.15 |
| 2012-13 | 3-3(3) | 4300 | ശ്രീ.വിനീഷ്.സി.വി,വികലാംഗ പെൻഷൻ അധികം കൈപ്പറ്റിയത് | 11415106463,7.1.15 |
| 2012-13 | 3-3(3) | 2000 | ശ്രീ.ഉബൈദ്.എ.കെ,വികലാംഗ പെൻഷൻ അധികം കൈപ്പറ്റിയത് | 11415106549,13.1.15 |
| " " | 2-1 | 500 | ശ്രീ.അബ്ദുൾ ഖാദർ,ഡ്രൈവർ | 11415107632,3.3.15 |
| " " | 2-1 | 500 | ശ്രീ.കെ.കെ.സുലൈമാൻ,ഡ്രൈവർ | 11415107631,3.3.15 |
| " " | 2-1 | 460 | ശ്രീ.കെ.ആർ.സുരേന്ദ്രൻ,ഡ്രൈവർ | 11415107634,3.3.15 |
| " " | | 520 | ശ്രീ.കെ.പി.മുഹമദ്ദാലി.ഡ്രൈവർ | 11415107633,3.3.15 |
| ആകെ | | 28,446 | | |

- **2001-02 para 2(2),3(1), 2002-03 para 3(1) 2(1), 2003-04 para 3(4)** എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക പ്രകാരം തിരിച്ചടക്കേണ്ട തുക ഗഡുക്കളായാണ് ഈടാക്കിയിരിക്കുന്നത്.

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി 24846/-രൂപയും ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 28446/-രൂപയുമാണ്. ഈ വ്യത്യാസം സംബന്ധിച്ച പൊരുത്തപ്പെടുത്തലുകൾ നടത്തി വാർഷിക ധനകാര്യ പത്രിക ക്രമീകരിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഒന്നുമില്ല | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 81232412 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 78124657 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1150 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1604593 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-2 | 1150 | | വി.മായ, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1604593 | ശ്രീ.സന്റോ സെബാസ്റ്റ്യൻ, അസി. എഞ്ചിനിയർ |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.മായ, സെക്രട്ടറി | സെക്രട്ടറി, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് | കൃഷ്ണ നിവാസ്, തൃക്കൂർ-പി.ഒ. 680306 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|

| | ഒടുവില ത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 69-70 | എൽ.എഫ്.ടി.-16615/73/10/1 | 2 | |
| 71-72 | എൽ.എഫ്.ടി.1-2087/74/02.07.74 | 5 | |
| 73-74 | എൽ.എഫ്.ടി.1- 5829/75/23.12.75 | 2 | |
| 74-75 | എൽ.എഫ്.ടി.10-47/87/2/2/87 | 10 | |
| 75-76 | എൽ.എഫ്.ടി.4-267/77/ 05.09.77 | 15 | |
| 76-77 | എൽ.എഫ്.ടി4- 1954/78/ 04.08.78 | 10 | |
| 77-78 | എൽ.എഫ്.ടി.10-1512/81/ 02.12.81 | 10 | |
| 78-79 | എൽ.എഫ്.ടി.10-1572/81/ 02.12.81 | 14 | |
| 82-83 | എൽ.എഫ്.ടി.എസ്.2-1612/11/27.10.11/13.01.12 | 2 | |
| 83-84 | | 2 | |
| 84-85 | | 1 | |
| 85-86 | | 5 | |
| 86-87, 87-88 | | 10 | |
| 88-89, 89-90 | | 9 | |
| 90-91 | | 3 | |
| 91-92 | | 9 | |
| 92-93, 93-94 | | 11 | |
| 94-95 | | 19 | |
| 95-96 | | 3 | |
| 96-97 ചെലവ് | എൽ.എഫ്.ടി.12-768/97/ 03.07.99/ 04.11.99 | | |
| 96-97 (വരവ്) | എൽ.എഫ്.ടി.10-1084/05/ 03.12.05 | | |
| 97-98 (ചെലവ്) | എൽ.എഫ്.ടി.12-1383/99/ 13.03.00 | | |

| | | | |
|---|---|---|---|
| 98-99 | എൽ.എഫ്.ടി.12-619/01/ 16.07.01 | | |
| 99-00 (ചെലവ്) | എൽ.എഫ്.ടി.10-1024/03/ 03.10.03/ 08.09.04 | | |
| 99-00 (വരവ്) | എൽ.എഫ്.ടി.10- 1935/07/ 08.11.08 | | |
| 00-01 | എൽ.എഫ്.ടി.10-1573/08/ 11.02.04 | | |
| 00-01(വരവ്-ചെലവ്) | എൽ.എഫ്.ടി.10-1918/07/ 18.11.08 | | |
| 01-02 (വരവ്-ചെലവ്) | എൽ.എഫ്.ടി.10-864/08/ 29.07.09 | | |
| 02-03 | എൽ.എഫ്.ടി.10-865/08/ 29.07.09/ 07.10.09 | | |
| 03-04 | എൽ.എഫ്.ടി.10-2661/08/ 15.09.10 | | |
| 04-05 | എൽ.എഫ്.ടി.10-2662/08/ 15.09.10 | | |
| 05-06 | എൽ.എഫ്.ടി.10-584/10/ 15.09.10 | | |
| 06-07 | എൽ.എഫ്.ടി.10-585/10/ 15.09.10 | | |
| 07-08 | എൽ.എഫ്.ടി.10-1147/10/ 19.03.11 | | |
| 08-09 | എൽ.എഫ്.ടി.10-1165/10 / 22.03.11/ 03.10.11 | | |
| 09-10,10-11 | എൽ.എഫ്.ടി.പി4-2277/12/ 13.02.13 | | |
| 11-12 | എൽ.എഫ്.ടി.പി4-1057/13/ 22.11.13/ 20.12.13 | | |
| 12-13 | എൽ.എഫ്.ടി.പി4-252/14, 22.07.14/4.10.14 | | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(പി-4)770/15 12-10-2015/ 21-10-2015 | | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ./പി.4/1000/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ-20

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി: 24.06.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

**No.KSA.TSR(P4)1000/16** **Kerala State Audit Department**

**District Audit Office, Thrissur-20**

**Phone: 0487 2331249**

**E.mail- dotsr.ksad@kerala.gov.in**

**Date: 24.06.2016**

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Vallathol Nagar Grama Panchayat** in Thrissur District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Vallathol Nagar Grama Panchayat** for the year 2014-15 except the observations in my audit report properly presents the picture of income and expenditure.

**Deputy Director**